**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3539** **14-07-2022 - ൽ മറുപടിയ്ക്ക്**

**അത്യപൂർവ്വ രോഗങ്ങൾ ബാധിച്ചവർക്ക് ചികിൽസക്കും മരുന്നിനും സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ സുരക്ഷാ മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ക്ഷേമത്തിനു വേണ്ടിയുള്ള പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് സാമൂഹ്യ സുരക്ഷാ മിഷന്റെ ഉദ്ദേശ്യ ലക്ഷ്യം. |
| (ബി) | എന്തെല്ലാം സാമൂഹ്യ സുരക്ഷാ പദ്ധതികളാണ് കെ.എസ്.എസ്.എം. ന് കീഴിലുള്ളത്; വിശദാംശം നൽകുമോ; | (ബി) | കെ.എസ്.എസ്.എം-ന് കീഴിലുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു |
| (സി) | അപൂർവ്വങ്ങളിൽ അപൂർവ്വങ്ങളായ രോഗങ്ങൾ ബാധിച്ച കുട്ടികളുടെ ചികിത്സക്കായും വർഷങ്ങളായി വിലയേറിയ മരുന്നുകൾ കഴിക്കേണ്ട അസുഖങ്ങൾ ബാധിച്ചവർക്കും തുടർച്ചയായി മരുന്നുകൾ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കെ.എസ്.എസ്.എം. മുഖേന ചെയ്തു വരുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | അപൂർവ രോഗ ബാധിതരായ കുട്ടികളുടെ അപേക്ഷകൾ കെ എസ് എസ് എം - ൽ സ്വീകരിച്ചു വരുന്നുണ്ട്. ഇത് പ്രകാരം ലഭ്യമായ POMPE എന്ന അപൂർവ രോഗം ബാധിച്ച കുട്ടികളുടെ അപേക്ഷകളിൽ നിന്ന് മറ്റു സഹായം ലഭ്യമാകാത്ത 3 കുട്ടികളുടെ ചികിത്സക്കാവശ്യമായ മരുന്നുകൾ കെ എം എസ് സി എൽ മുഖേന നൽകിവരുന്നു. എന്നാൽ ആരോഗ്യ വകുപ്പിനെയാണ് സ്റ്റേറ്റ് നോഡൽ ഏജൻസിയായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി സാഹചര്യത്തിൽ കെ എസ് എസ് എം - ൽ ലഭിച്ചു വരുന്ന അപൂർവ രോഗങ്ങങ്ങൾ ബാധിച്ച (SMA) കുട്ടികളുടെ അപേക്ഷകൾ തുടർ നടപടികൾക്കായി ആരോഗ്യ വകുപ്പിലേക്ക് കൈമാറിയിട്ടുള്ളതാണ്. |
| (ഡി) | അപൂർവ്വ രോഗമായ മേപ്പിൾ സിറപ്പ് യൂറിൻ ഡിസീസ് ബാധിച്ച് ചികിൽസയിൽ കഴിയുന്ന ഒന്നര വയസുള്ള ഇഷാൽ മറിയത്തിന് ഡയറ്റ് ഫുഡ് നൽകുന്നതിനും മരുന്ന് നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി 05.02.2021 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ എന്താണ് തടസ്സമെന്ന് അറിയിക്കുമോ? | (ഡി) | ലക്ഷദ്വീപ് സമൂഹത്തിൽപെട്ട കടമത്ത് ദ്വീപിലെ പുതിയകൊട്ടാരം നാസറിന്റെയും ഡോ ജസീറയുടെയും മകളായ ഇശൽ മറിയം എന്ന കുട്ടിയുടെ അപേക്ഷ കെ എസ് എസ് എമ്മിൽ ലഭ്യമായിരുന്നു. എന്നാൽ പ്രസ്തുത അപേക്ഷയിൽ കുട്ടി സ്പൈനൽ മാസ്കുലാർ അട്രോഫി ടൈപ്പ് - 1 രോഗ ബാധിതയാണെന്നാണ് അറിയിച്ചിരുന്നത്. ആരോഗ്യ വകുപ്പിനെയാണ് സ്റ്റേറ്റ് നോഡൽ ഏജൻസിയായി സർക്കാർ |

| | | | |
|---|---|---|---|
| | | | ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രസ്തുത അപേക്ഷ തുടർ നടപടികൾക്കായി 15/03/2022 തീയതിയിലെ A3/11728/18/KSSM നം കത്ത് പ്രകാരം ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**ക്യാൻസർ സുരക്ഷാ പദ്ധതി:** 2008 നവംബർ 1 -നാണ് പദ്ധതി ആരംഭിച്ചത്. 18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷ. ടി പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 14 ആശുപത്രികൾ മുഖേന നടപ്പാക്കി വരുന്നു.

**താലോലം പദ്ധതി :** 2010 ജനുവരി 1-നാണ് പദ്ധതി ആരംഭിച്ചത്. ജന്മനായുള്ള ഹൃദയവൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിക്കുന്ന താലോലം പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 17 ആശുപത്രികൾ മുഖേന നടപ്പാക്കി വരുന്നു.

**ആശ്വാസകിരണം പദ്ധതി :** 2010 ലാണ് പദ്ധതി ആരംഭിച്ചത്. ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം പദ്ധതി. തുടക്കത്തിൽ 250/- രൂപയായിരുന്നു നൽകിയിരുന്നത്. നിലവിൽ 600/- രൂപയാണ് പ്രതിമാസം അനുവദിക്കുന്നത്. ആശ്വാസകിരണം ധനസഹായത്തിന് അർഹതയുള്ളവർക്ക് മറ്റ് പെൻഷനുകൾ ലഭിക്കുന്നതിന് തടസ്സമില്ല.

**സ്നേഹസ്പർശം പദ്ധതി :** 2010-11 സാമ്പത്തിക വർഷത്തിലാണ് പദ്ധതി ആരംഭിച്ചത്. ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് സ്നേഹസ്പർശം. 1000/- രൂപ ധനസഹായം അനുവദിച്ചു വന്ന പദ്ധതി ധനസഹായം 06/07/2018 തീയതിയിലെ സ.ഉ(സാധാ)417/2018/സാനീവ. ഉത്തരവ് പ്രകാരം 2000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ:**

(എ) എൻഡോസൾഫാൻ ദുരിത ബാധിതരുടെ പുനരധിവാസത്തിനുവേണ്ടി നിരവധി പദ്ധതികളും പരിപാടികളും സർക്കാർ നടപ്പാക്കി വരുന്നു. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സ്നേഹസാന്ത്വനം പദ്ധതി പ്രകാരം 1200/-, 1700/-, 2200/- എന്നീ നിരക്കിൽ പ്രതിമാസ ധനസഹായം നിലവിൽ 5423 പേർക്ക് നൽകി വരുന്നു.

(ബി) സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി പ്രകാരം എൻഡോസൾഫാൻ ദുരിത ബാധിതരെ പരിചരിക്കുന്നവർക്ക് 700/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിച്ചു വരുന്നു.

(സി) എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 12-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് 2000, 3000, 4000 എന്നീ നിരക്കിലുള്ള ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായവും നൽകി വരുന്നു.

**വയോമിത്രം പദ്ധതി :**

നഗരസഭകളുമായി ചേർന്നു കൊണ്ട് 65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്ന പദ്ധതിയാണ് വയോമിത്രം പദ്ധതി. 42 നഗര

പ്രദേശത്ത് നടപ്പാക്കി വന്നിരുന്ന ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശത്തും 4 ബ്ലോക്ക് പഞ്ചായത്തിലും കൂടി ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 95 വയോമിത്രം യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. സൗജന്യ ചികിത്സക്ക് പുറമെ മുതിർന്ന പൗരന്മാർക്ക് മാനസിക ഉല്ലാസം പ്രധാനം ചെയ്യാനുള്ള പരിപാടികൾ, വിവിധ ദിനാചരണങ്ങൾ, സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയും വയോമിത്രം വഴി നടപ്പിലാക്കുന്നു. ജനകീയ പങ്കാളിത്തത്തോടുകൂടി വയോമിത്രത്തെ നഗര പ്രദേശങ്ങളിലെ മുതിർന്ന പൗരന്മാരുടെ കൂട്ടായ്മയായി വളർത്താനുള്ള ശ്രമങ്ങൾ മിഷൻ നടത്തി വരുന്നു.

**<u>ശ്രുതിതരംഗം പദ്ധതി :</u>**

5 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ നിന്നും ശ്രവണവൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാൻറേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം. സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ 28/09/17 തീയതിയിലെ സ.ഉ (എം.എസ്)നം.640/17/സാനീവ ഉത്തരവ് പ്രകാരം ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിന് മുൻപ് രക്ഷിതാക്കളുടെ സ്വന്തം ചെലവിൽ കോക്ലിയാർ ഇംപ്ലാൻറേഷൻ സർജറി നടത്തിയ 25 വയസ്സു വരെയുള്ളവർക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്ത് എക്സ്റ്റൻഡഡ് വാറന്റി നൽകുന്നതിനുള്ള ധ്വനി പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ 14.02.2020 തീയതിയിലെ സ.ഉ (ആർ.ടി) നം. 79/2020/സാ.നീ.വ ഉത്തരവ് പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിൻറനൻസ് നടത്തി നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

**<u>സ്നേഹപൂർവ്വം പദ്ധതി :</u>**

മാതാപിതാക്കളിൽ ആരെങ്കിലുമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഇത്തരം കുട്ടികൾ അനാഥാലയങ്ങളിൽ എത്തിപ്പെടാതെ സ്വഭവനങ്ങളിലോ ബന്ധുഗൃഹങ്ങളിലോ താമസിച്ച് അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. മതാപിതാക്കൾ ജീവിച്ചിരിപ്പുള്ള എച്ച്.ഐ.വി ബാധിതരായ കുട്ടികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 70000 –ത്തോളം കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്. സ്നേഹപൂർവം പദ്ധതിയിലെ കൗമാരക്കാരായ കുട്ടികൾക്ക് ജില്ലാതലത്തിൽ ജീവിതനൈപുണ്യ ശില്പശാലകൾ, 10, 12 ക്ലാസ്സുകളിൽ മികച്ച വിജയം നേടുന്ന കുട്ടികൾക്ക് എക്സലൻസ് അവാർഡ് എന്നിവയും ഈ പദ്ധതിയോടൊപ്പം നടപ്പിലാക്കുന്നുണ്ട്.

**<u>സമാശ്വാസം പദ്ധതി :</u>**

വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപെടുന്ന രോഗികൾക്ക് പ്രതിമാസം 1100/– രൂപയും വൃക്ക, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപ വരെയുള്ളവർക്ക് പ്രതിമാസം 1000/– രൂപയും ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1000/– രൂപയും നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട അരിവാൾ രോഗം ബാധിച്ച രോഗികൾക്ക് പ്രതിമാസം 2000/– രൂപയും നൽകി വരുന്നു.

## വി–കെയർ :

കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുക്കുന്ന ക്ഷേമപരിപാടികൾക്കും വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ഫണ്ട് സ്വരൂപിക്കാനുള്ള ഒരു ധനാഗമ മാർഗ്ഗമായിട്ടാണ് ഈ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. ആരോഗ്യ, സാമൂഹ്യ,മാനസിക പരിചരണം ലഭിക്കാൻ നിർവ്വാഹമില്ലാത്തതോ അതിന് തീരെ നിവർത്തിയില്ലാത്തതോ ആയ കേരളത്തിലെ ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റാൻ തക്കവിധത്തിൽ അടിസ്ഥാന ഫണ്ട് കണ്ടെത്താനുള്ള ഒരു ഉദ്യമമാണ് ഈ പദ്ധതി. ഇപ്രകാരം സമാഹരിക്കുന്ന തുക സമൂഹത്തിൽ പർശ്വവൽക്കരിക്കപ്പെട്ട ജന വിഭാഗങ്ങളുടെ ചികിത്സ, സാമ്പത്തിക സഹായം, ജീവനോപാധി കണ്ടെത്തുവാനുള്ള സഹായം, പഠന സഹായം തുടങ്ങിയവയ്ക്കായി വിനിയോഗിക്കുന്നു.

വീകെയർ പദ്ധതി പ്രകാരം സ്വരൂപിക്കുന്ന ഫണ്ട് വിനിയോഗിച്ച് അർഹരായ രോഗികൾക്ക് കിഡ്നി/ലിവർ ട്രാൻസ്പ്ലാന്റേഷൻ, ബോൺമാരോ ട്രാൻസ്പ്ലാൻറേഷൻ, ബ്രയിൻ സ്റ്റിമുലേഷൻ സർജറി, കാർഡിയാക് സർജറി, ഇടുപ്പ് എല്ല്/മുട്ട് മാറ്റിവയ്ക്കൽ സർജറി, ഹോർമോൺ തെറാപ്പി കൂടാതെ സഹായ ഉപകരണങ്ങൾ എന്നിവ ഈ പദ്ധതി പ്രകാരം നൽകി വരുന്നു.

## ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി)

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരംഭിച്ച പുതിയ പദ്ധതിയാണ് മിഠായി. Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ആവിഷ്കരിച്ച സമഗ്ര പദ്ധതിയാണ് "മിഠായി". ടി പദ്ധതിയിൽ continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും കൗൺസിലിംഗ് മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണിത്. ടി പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേക Type 1 ഡയബറ്റിക് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ടി ആശുപത്രികളിൽ ആരംഭിച്ച ഡയബറ്റീസ് സെൻററുകളിൽ ഒരു എം എസ് സി നഴ്സിന്റെയും ഡയറ്റീഷ്യന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 1200 കുട്ടികളിൽ 400 പേർക്ക് Insulin Pen ലഭ്യമാക്കിയിട്ടുണ്ട്.

## സ്റ്റേറ്റ് ഇൻഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ്

അനുയാത്രയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

## റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. അംഗപരിമിത സ്ക്രീനിംഗ്, ഏർളി ഇന്റർവെൻഷൻ, തെറാപ്പി, പരിശീലനങ്ങൾ തുടങ്ങിയവ ഈ സെന്ററുകളിലൂടെ ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജിലെ ശിശു ചികിത്സാ വിഭാഗത്തിലെ ഒരു ഡോക്ടറാണ് ഈ കേന്ദ്രത്തിന്റെ നോഡൽ ഓഫീസർ. ഓരോ കേന്ദ്രത്തിലും ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്റ്റാഫ് നഴ്സ്, ഡെവലപ്മെൻറ് തെറാപ്പിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്യുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ എന്നീ വിദഗ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

## ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ജില്ലാതലത്തിൽ ആധുനിക സൗകര്യങ്ങളോട്ടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗമാണ്, **13** ജില്ലകളിൽ നടത്തുന്നത്. പത്തനംതിട്ട ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ കെട്ടിട നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. കെട്ടിട നിർമ്മാണം പൂർത്തിയായ സ്ഥലങ്ങളിൽ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ

ഭിന്നശേഷിക്കാർക്ക് പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിലെത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി **25** മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഡെവലപ്മെന്റൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ് എന്നിവരുടെ സേവനം ഈ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ (എൻ. എച്ച്. എം) സഹകരണത്തോടെയാണ് നിലവിൽ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. **6** ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് എന്ന നിലയിലാണ് ഇപ്പോൾ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നത്.

## കാതോരം

കുട്ടികളിലെ കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി കാതോരം എന്ന ഒരു സമഗ്ര പദ്ധതി അനുയാത്രയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ **62** സർക്കാർ ഡെലിവറി പോയിന്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ ആശുപത്രികളിൽ ജനിക്കുന്ന **97%** നവജാത ശിശുക്കളേയും നിലവിൽ കേൾവി പരിശോധനക്ക് വിധേയമാക്കുന്നുണ്ട്. മറ്റു ആശുപത്രികളിൽ പ്രസവിക്കുന്ന കുട്ടികൾക്കും ഈ കേന്ദ്രത്തിലെത്തി ഈ സേവനം ലഭ്യമാക്കാവുന്നതാണ്. ഇതിനായി ഓട്ടോ അകിസ്റ്റിക് എമിഷൻ സ്ക്രീനർ എന്ന ഉപകരണവും പരിശീലനം ലഭിച്ച ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നെഴ്സിന്റെ സേവനവും ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ ജനിക്കുന്ന കുഞ്ഞുങ്ങളുടെ കേൾവി പരിശോധന അമ്മയും കുഞ്ഞും ആശുപത്രി വിടുന്നതിന് മുൻപായി നടത്തുന്നു.

കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള ബെറാ സംവിധാനം **14** ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലെ നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡെഫ്നെസ് കേന്ദ്രങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. പ്രതിവർഷം **1000-1500** കുട്ടികൾ ബെറയിലൂടെ സ്ഥിരീകരണ പരിശോധനക്ക് വിധേയരാകുന്നു.

കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുകയും 18 മാസം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കോക്ലിയാർ ഇംപ്ലാൻറ് സർജറി നടത്തുന്നതിനുള്ള സൗകര്യം ശ്രുതിതരംഗം പദ്ധതിയിലൂടെ ഉറപ്പാക്കുന്നു. കോക്ലിയർ ഇംപ്ലാന്റേഷനു ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികൾക്കായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻറ് റീഹാബിലിറ്റേഷൻ തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓഡിറ്ററി വെർബൽ തെറാപ്പി സെന്റർ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

**പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ**

പട്ടികവർഗ്ഗ മേഖലയിൽ ഭിന്നശേഷി പരിപാലന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതിനായി വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിൻറെ ഭാഗമായി ഒരു പ്രത്യേക ഡിസെബിലിറ്റി മാനേജ്മെന്റ് യൂണിറ്റ് അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിവിധങ്ങളായ തെറാപ്പിയും സേവനങ്ങളും ഈ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കി വരുന്നു.

**ഹെൽപ്പ് ഡെസ്ക്**

ഭിന്നശേഷിക്കാർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ, പദ്ധതികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ അനുയാത്രയുടെ ഭാഗമായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ അവയുടെ സേവനങ്ങൾ ക്ഷേമപദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. സാങ്കേതിക സംവിധാനങ്ങളോടെ സ്ഥാപിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്കിലെ 1800 120 1001 എന്ന ടോൾ ഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്.

**സ്പെഷ്യൽ അംഗൻവാടികൾ**

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി ഇത്തരക്കാരായ പരമാവധി കുട്ടികളെ സാധാരണ സ്കൂളുകളിലേക്ക് അയക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു. ഒരു ഐ.സി.ഡി.എസ് പ്രോജക്റ്റിന്റെ കീഴിൽ ഒരു നോഡൽ സ്പെഷ്യൽ അംഗൻവാടിയും 2 സാറ്റലൈറ്റ് അംഗൻവാടികളും എന്ന നിലയിൽ ഒരു ഐ.സി.ഡി.എസ് പ്രോജക്റ്റിൽ 3 അംഗൻവാടികളാണ് സ്പെഷ്യൽ അംഗൻവാടികളായി പ്രവർത്തിക്കുന്നത്.

ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ഇവർക്കാവശ്യമായ പ്രത്യേക പരിശീലന സാമഗ്രികളും ലഭ്യമാക്കിയിട്ടുണ്ട്.

**മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ**

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തെറാപ്പികൾ, പരിശീലനം തുടങ്ങിയവ ലഭ്യമാക്കുന്നതിനായി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെൻററുകൾ അനുയാത്രയുടെ ഭാഗമായി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെൻറർ ആരംഭിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം അവസാന ഘട്ടത്തിലാണ്. കണ്ണൂർ ജില്ലയിലെ മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാളൂർ എന്നിവിടങ്ങളിൽ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാനാവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

## ഭിന്നശേഷിക്കാർക്കായുള്ള തിരിച്ചറിയൽ കാർഡ്

സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (യൂണിക് ഐഡി ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് – യു.ഡി.ഐ.ഡി) നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കേന്ദ്ര ഗവൺമെന്റ് ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ് വെയറിൽ ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അപ് ലോഡ് ചെയ്ത് ഓൺലൈനായാണ് സവിശേഷ തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. ഭിന്നശേഷിക്കാർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്റ്റ്വെയർ മുഖാന്തിരം ലഭ്യമാക്കുന്നു.

## ഹോർട്ടികൾച്ചർ തെറാപ്പി

സോഷ്യൽ ഫാമിംഗ്, ഹോർട്ടികൾച്ചർ തെറാപ്പി എന്നിവയിലൂടെ ഭിന്നശേഷിയുള്ള കുട്ടികളെ ശാക്തീകരിക്കുന്നതിനുള്ള ഒരു നൂതന പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജ് വഴി നടപ്പാക്കി വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികളെ ഉദ്യാന പരിപാലന പ്രവർത്തനങ്ങളിലൂടെ ശാക്തീകരിക്കുകയും അവരിൽ സ്വയമായി തൊഴിൽ ചെയ്യാനുള്ള ആത്മവിശ്വാസം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

## സ്പെക്ട്രം പദ്ധതി

കേരള സാമൂഹ്യ സുരക്ഷാ മിഷൻ **2018 – 19** മുതൽ ഓട്ടിസം കുട്ടികൾക്കായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പ്രത്യേക സമഗ്ര പദ്ധതിയാണ് സ്പെക്ട്രം. ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കി വരുന്നു.

സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി നിലവിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

## ഓട്ടിസം സെന്ററുകൾ

സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെൻററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് സ്പീച്ച് തെറാപ്പിസ്റ്റ്, ഡവലപ്മെന്റ് തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഒക്കുപേഷണൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാണ്.

**റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ**

ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. **2021 – 2022** വർഷത്തിൽ ഈ കേന്ദ്രത്തിന്റെ ഭാഗമായ ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്ററിന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**രക്ഷിതാക്കൾക്കുള്ള പരിശീലനം**

ഓട്ടിസം ഉൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വീടുകളിൽ തന്നെ ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും ലക്ഷ്യമാക്കുന്നതിന് ഉതകുംവിധം മാതാപിതാക്കൾക്ക് പരിശീലനം നൽകുന്ന പേരന്റൽ എംപവർമെന്റ് പ്രോഗ്രാം **2019 – 2020** ൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കുകയുണ്ടായി. മാതാപിതാക്കൾക്ക് സഹായകമാകുന്ന സഹയോഗി എന്ന കൈപുസ്തകവും **2770** പേർക്ക് വിതരണം ചെയ്തിട്ടുണ്ട്.

**മാനസിക രോഗം ബാധിച്ചവരുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ഫാമിലി ഷോർട്ട് സ്റ്റേ ഹോം**

തിരുവനന്തപുരം സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയിൽ കഴിയുന്നവർക്ക് കുടുംബാംഗങ്ങളെ കൂടി കൂടെ നിർത്തി ചികിത്സയുടെ ഭാഗമാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ഇതിനാവശ്യമായ കെട്ടിടനിർമ്മാണം നടന്നു വരുന്നു. കോസ്റ്റ്ഫോർഡിനാണ് കെട്ടിട നിർമ്മാണ ചുമതല.

**വെള്ളപ്പൊക്കദുരിത ബാധിതരായ ഭിന്നശേഷിക്കാർക്ക് നഷ്ടപ്പെട്ട സഹായ ഉപകരണങ്ങൾ നൽകുന്ന പ്രത്യേക പദ്ധതി**

സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ ഭാഗമായി സഹായ ഉപകരണം നഷ്ടപ്പെട്ട ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി നടപ്പാക്കുകയുണ്ടായി. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, തൃശ്ശൂർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ എന്നീ സ്ഥാപനങ്ങൾ വഴിയാണ് സഹായ ഉപകരണങ്ങൾ വിതരണം നടത്തിയത്.

**എം പവർ ഇൻകൂബേറ്റർ**

അനുയാത്രയുടെ ഭാഗമായി മാജിക്കിൽ പരിശീലനം നേടിയ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് മാജിക് അവതിരിപ്പിക്കുന്നതിനും വേതനം ലഭ്യമാക്കുന്നതിനും മറ്റ് ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുമായി കഴക്കൂട്ടം മാജിക് പ്ലാനറ്റിൽ ഒരുക്കിയിട്ടുള്ള സ്ഥിരം വേദിയാണ് എം പവർ ഇൻക്യുബേറ്റർ.

**പ്രോസ്തെറ്റിക് & ഓർത്തോട്ടിക് സെന്റർ**

കുറഞ്ഞ നിരക്കിൽ ഭിന്നശേഷി സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ പ്രോസ്തെറ്റിക് **&** ഓർത്തോട്ടിക് സെൻറർ സ്ഥാപിച്ചിട്ടുണ്ട്. ഈ

സ്ഥാപനത്തിലൂടെ ഗുണനിലവാരമുള്ള കൃത്രിമ കൈ, കാൽ എന്നിവ കുറഞ്ഞ ചെലവിൽ ലഭ്യമാക്കി വരുന്നു.

**ആങ്കലോസിംഗ് സ്പോണ്ടിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് തുടങ്ങിയവ മൂലമുള്ള ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പദ്ധതി**

ആങ്കലോസിംഗ് സ്പോണ്ടിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് എന്നീ രോഗങ്ങൾ മൂലമുണ്ടാകാൻ സാധ്യതയുള്ള ഭിന്നശേഷി പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി **2021 –22** മുതൽ നടപ്പിലാക്കി വരുന്നു. ആങ്കലോസിംഗ് സ്പോണ്ടിലൈറ്റിസ് രോഗികൾക്കായി സ്റ്റേറ്റ് രജിസ്ട്രി ആരംഭിക്കുകയും തിരുവനന്തപുരം, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകളെ നോഡൽ സെന്ററായി അനുവദിച്ച് ആവശ്യത്തിനുള്ള മരുന്ന് കെ.എം.എസ്.സി.എൽ മുഖേന ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

മൾട്ടിപ്പിൾ സ്ക്ലീറോസിസ് രോഗികൾക്കായി സ്റ്റേറ്റ് രജിസ്ട്രി ആരംഭിക്കുകയും തിരുവനന്തപുരം ശ്രീ ചിത്ര തിരുന്നാൾ ആശുപത്രിയും കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജും നോഡൽ സെന്ററായി കണ്ടെത്തി അർഹരായവർക്കുള്ള മരുന്നുകൾ കെ.എം.എസ്.സി.എൽ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**